**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4860** **20-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹോം സ്റ്റേകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എ. രാജ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഹോം സ്റ്റേകൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണമെന്ന നിബന്ധന ഒഴിവാക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ അംഗീകാരം/ക്ലാസിഫിക്കേഷൻ ഉള്ള ഹോംസ്റ്റേകൾ തുടങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിരാക്ഷേപ പത്രം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ പിൻതുടരുന്ന ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് നയത്തിന്റെ ഭാഗമായി വിനോദ സഞ്ചാര പ്രോത്സാഹനത്തിന് കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ഹോംസ്റ്റേകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി ഒഴിവാക്കിയതിന് പുറമെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അഡ്വഞ്ചർ ടൂറിസം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി ഒഴിവാക്കണമെന്ന ആവശ്യവും, വിനോദസഞ്ചാരികൾക്ക് സർവ്വീസ് നടത്തുന്ന കാരവനുകൾക്ക് നികുതി ഇളവ് നൽകാനുള്ള നിർദ്ദേശവും പരിശോധിച്ചു വരുന്നു. |
| (സി) | വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഹോം സ്റ്റേ സംരംഭങ്ങൾ വ്യാപകമാക്കുന്നതിനും വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ സുരക്ഷിത താമസത്തിനും മറ്റുസ്ഥലങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക് നമ്മുടെ നാടിന്റെ സംസ്കാരം തൊട്ടറിയാനും പ്രാദേശിക ജനതയ്ക്ക് വരുമാനം സാധ്യമാക്കാനും ഉതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടെ കേരളത്തിൽ എല്ലായിടത്തും ഹോംസ്റ്റേകൾ തുടങ്ങാൻ സ്വകാര്യ സംരംഭകർക്ക് ടൂറിസം വകുപ്പ് സഹായം ചെയ്തു വരുന്നുണ്ട്. മികച്ച ഹോംസ്റ്റേ അനുഭവം സഞ്ചാരികൾക്ക് ലഭ്യമാക്കാൻ ടൂറിസം വകുപ്പ് ഈ രംഗത്ത് ക്ലാസിഫിക്കേഷൻ സ്കീം നടപ്പാക്കിയിട്ടുണ്ട്. ഉന്നനിലവാരവും സൗകര്യവും അനുസരിച്ച് ഡയമണ്ട്, ഗോൾഡ്, സിൽവർ എന്നീ ഗ്രേഡിംഗ് ഹോംസ്റ്റേകൾക്ക് നൽകി വരുന്നു. സംസ്ഥാനത്ത് ഹോംസ്റ്റേ നടപ്പാക്കുന്നതിന് ഏറ്റവും ലളിതമായ ഗൈഡ് ലൈസൻസും നടപടി ക്രമങ്ങളുമാണ് ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. നിലവിൽ അറുന്നൂറിനു പുറത്ത് ഹോംസ്റ്റേകൾ മികച്ച രീതിയിൽ ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷനോടെ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിലൂടെ വിനോദസഞ്ചാരികൾക്ക് കുറഞ്ഞ |

| | | | |
|---|---|---|---|
| | | | ചെലവിൽ സുരക്ഷിത താമസം മറ്റു സ്ഥലങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക് നമ്മുടെ നാട് എന്തെന്നറിയാനും പ്രാദേശിക ജനതയ്ക്ക് വരുമാനം സാധ്യമാക്കുവാനും കഴിയും . ഇതുമൂലം പ്രാദേശിക ജനതയ്ക്ക് വരുമാനം ലഭ്യമാക്കാനും കൂടുതൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ